
ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/11/2014
RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2014-16




2014 ഒക്ടോബർ 4 മുതൽ 12 വരെ തിരുവനന്തപുരത്ത് നടന്ന പുസ്തകമേളയിൽ നിന്ന്



വിജയദശമിദിനത്തിൽ വെള്ളിനേഴി സരസ്വതിവിദ്യാനികേതനിൽ നടന്ന അക്ഷരാരംഭ സംസ്കാരം

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക - ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 2 ലക്കം 5

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 കാർത്തിക - മാർഗ്ഗശീർഷ
1190 തുലാം - വൃശ്ചികം 2014 നവംബർ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



## ആചാര്യ നരേന്ദ്രഭൂഷൺ (1937 – 2010)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| നവംബർ 4 | – | ഭായ് പരമാനന്ദ് ജന്മദിനം |
| നവംബർ 11 | – | ഗുരുതേജ് ബഹാദൂർ രക്തസാക്ഷിദിനം |
| നവംബർ 15 | – | മഹാത്മാ ഹൻസ് രാജ് നിർവ്വാണദിനം |
| നവംബർ 16 | – | ആചാര്യ നരേന്ദ്ര ഭൂഷൺ നിർവ്വാണദിനം |
| നവംബർ 17 | – | ലാലാലജ്പത്റായ് നിർവ്വാണദിനം |
| നവംബർ 30 | – | പഴശ്ശിരാജ രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം



*മധുഛന്ദാ ഋഷിഃ സരസ്വതി ദേവതാഃ ഗായത്രി ഛന്ദഃ ഷഡ്ജഃ സ്വരഃ*

**മഹോ അര്ണഃ സരസ്വതീ പ്രചേതയതി കേതുനാ |**

**ധിയോ വിശ്വാ വി രാജതി ||**

*(ഋഗ്വേദം 1.3.12)*

**പദാർത്ഥം**: ഏതൊരു (സരസ്വതീ) വാണി (കേതുനാ) ശുഭ കർമ്മങ്ങളാൽ അഥവാ ശ്രേഷ്ഠബുദ്ധിയാൽ (മഹഃ) അഗാധ (അര്ണഃ) ശബ്ദരൂപി സമുദ്രത്തേ (പ്രചേതയതി) ഉണ്ടാക്കുന്നതാണോ അവ മനുഷ്യരുടെ (വിശ്വാഃധിയഃ) സർവ്വബുദ്ധികളേയും (വിരാജതി) വിശേഷരൂപത്തിൽ പ്രകാശിപ്പിക്കുന്നു.

**ഭാവാർത്ഥം**: ഈ മന്ത്രത്തിൽ വാചകോപമേയലുപ്തോപമാലങ്കാരത്തെ കാണിക്കുന്നു. എങ്ങിനെയാണോ വായുവിനാലുണ്ടാകുന്നതരംഗങ്ങളാലും സൂര്യനിൽ നിന്നു ലഭിക്കുന്ന പ്രകാശത്തോടുകൂടിയതുമായ സമുദ്രം വളരെ ഉത്തമമായ വ്യവഹാരത്തിനും രത്നാദികളുടെ പ്രാപ്തിക്കും കാരണമായിതീരുന്നത്, അതുപോലെ പ്രകാശത്താലും അനേകവിദ്യാദിഗുണരൂപിയായ മഹാസാഗരത്തെ പ്രകാശിപ്പിക്കുന്ന വേദവാണിയും വിദ്വാൻമാരുടെ ഉപദേശവും സാധാരണ മനുഷ്യരുടെ യഥാർത്ഥബുദ്ധിയെ വർദ്ധിപ്പിക്കുന്നതായി തീരുന്നു.

രണ്ടാമത്തെ സൂക്തത്തിൽ വിവരിച്ച വിദ്യയെ പ്രകാശിപ്പിച്ച് ക്രിയകൾക്ക് ഹേതുവായ അശ്വിശബ്ദത്തിന്റെ അർത്ഥവും അതിൽനിന്നുസിദ്ധിക്കുന്ന വിദ്വാന്മാരുടെ ലക്ഷണവും വിദ്വാൻ ആയതിന്റെ ഹേതുവായ സരസ്വതി ശബ്ദത്താൽ എല്ലാ വിദ്യാപ്രാപ്തികളുടേയും നിമിത്തമായ വാണിയുടെ പ്രകാശനത്തിൽ നിന്നും രണ്ടാം സൂക്തത്തിലെ അർത്ഥത്തോടൊപ്പം മൂന്നാം സൂക്തത്തിലെ അർത്ഥം കൂടികൂട്ടി വായിക്കണം എന്ന് സാരം.

ഈ സൂക്തത്തിന്റെ അർത്ഥം സായണാദിനവീനപണ്ഡിതൻമാർ തെറ്റായാണ് വർണ്ണിച്ചിരിക്കുന്നത്. അവരുടെ വ്യാഖ്യാനത്തിൽ ആദ്യം സായണാചാര്യരുടെ സംഭ്രമത്തേ ചൂണ്ടികാണിക്കാം. അദ്ദേഹം സരസ്വതീശബ്ദത്തിന് രണ്ടർത്ഥം കണക്കാക്കുന്നു. ശരീരധാരിയായി ദേവതാരൂപിയായ ഒന്നും മറ്റൊന്ന് നദീരൂപത്തിലുള്ളതും. അദ്ദേഹം പറയുന്നതിങ്ങനെയാണ്. ഈ സൂക്തത്തിലെ ആദ്യത്തെ രണ്ടു മന്ത്രങ്ങൾ ശരീരരൂപിയായ ദേവരൂപിയായ സരസ്വതിയുടെ പ്രതിപാദനമാണെന്നും ഈ മന്ത്രത്തിൽ നദീരൂപസരസ്വതിയുടെ വർണ്ണനയാണെന്നുമാണ്. ഇതെല്ലാം അദ്ദേഹം തന്റെ കപോലകൽപ്പിത ഭാവത്താൽ തെറ്റായി എഴുതിയതാണ്. അദ്ധ്യാപകനായ വിൽസണിന്റെ വിവരണവും ഇത്തരത്തിലുള്ളതാണ്. വിദ്യകൂടാതെ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം നടത്തുന്നവരുടെ പ്രവൃത്തി അന്ധൻമാരുടേതിനു തുല്ല്യമാണ്.

മൂന്നാമത്തെ സൂക്തം സമാപിച്ചു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*





## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ



### അക്ഷരാരംഭ സംസ്ക്കാരം

**വെള്ളിനേഴി:** വിജയദശമിദിനത്തിൽ ആര്യസമാജത്തിന്റെ നേതൃത്വത്തിൽ സരസ്വതി വിദ്യാനികേതനത്തിൽ വെച്ച് വിശേഷാൽ അഗ്നിഹോത്രവും അക്ഷരാരംഭസംസ്കാരവും നടന്നു. പണ്ഡിറ്റ് ലേഖ്റാം ആർഷഗുരുകുലം മഹാവിദ്യാലയത്തിലെ ആചാര്യന്മാരാണ് അക്ഷരാരംഭസംസ്കാരത്തിന് കാർമ്മികത്വം വഹിച്ചത്.

## VEDIC WORKSHOP 'LIGHT OF TRUTH'

A vedic workshop 'light of Truth' will be held at Pandit Lekhram Arsh Gurukul Mahavidyalay, Vellinezhi (Kerala) from 2014 Dec 21 to 23. Scholors of *Shasthrarth* (Religious debates) from Arya Samaj will lead the workshop. A mass blood donation camp also will be held on 23 Dec 2014 on the occasion of Swamy Shradhanand's martyrdom day. Interested persons may register their names by 10th Dec 2014. email: aryasamajvellinezhi@gmail.com. Mob: 9562529095.

***ARYA SAMAJAM, VELLINEZHI***

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – | ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95.00 |
| (3) | ആര്യോദയം | – | ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35.00 |
| (8) | Dayananda the Great | – | ₹ 5.00 |

(പോസ്റ്റേജ് ചിലവ് പുറമെ)


*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



**സ്വാ**മിജിക്ക് വളരെയധികം പഠിക്കാനുണ്ടായിരുന്നു. പകൽ സമയം മാത്രം പഠനത്തിന് പര്യാപ്തമാവുമായിരുന്നില്ല. അദ്ദേഹം രാത്രിയിൽ സ്വാദ്ധ്യായം നടത്താനാഗ്രഹിച്ചു. പക്ഷെ അതിന് വിളക്കുകളുടെ ആവശ്യമുണ്ട്. വീടിന്റെ മതിലുകൾക്ക് മേൽ സ്ത്രീകൾ ചിരാത് കത്തിച്ചുവക്കുമായിരുന്നു. പാതയോരത്ത് നാൽക്കവലകളിൽ മണ്ണുകൊണ്ടുള്ള വിളക്കുകളും ഉണ്ടായിരുന്നു. ഇവയുടെ സഹായത്താൽ സ്വാമിജി സ്വാദ്ധ്യായം നടത്തി. പഠനത്തിനായി സ്വാമി ദയാനന്ദനു നേരിടേണ്ടിവന്ന കഠിന പ്രയത്നങ്ങൾ ഇന്നത്തെ വിദ്യാർത്ഥികൾ ഒന്നോർത്താൽ നന്നായിരിക്കും.

## ഗുരുവിന്റെ സേവനം

യമുനാനദിയിൽ നിന്നും കൊണ്ടുവരുന്ന സ്വച്ഛമായ ജലത്തിലാണ് സ്വാമി വിരജാനന്ദൻ ദിവസവും കളിച്ചിരുന്നത്. വാർദ്ധക്യസഹജമായ കാരണങ്ങളാൽ അദ്ദേഹത്തിന് നദിയിൽ പോയി കുളിക്കുക സാധ്യമായിരുന്നില്ല. യമുനയിൽ നിന്നും വെള്ളം കൊണ്ടുവരുന്ന ജോലി സ്വാമി ദയാനന്ദനായിരുന്നു. ഗുരുവിന്റെ സേവനത്തിൽ ദൃഢചിത്തനായിരുന്ന ദയാനന്ദൻ മഞ്ഞും വെയിലും കൊടുങ്കാറ്റും പേമാരിയുമൊന്നും വകവെക്കാതെ നിത്യവും കൃത്യസമയത്ത് ജലമെത്തിക്കുമായിരുന്നു.

## ഗൃഹം വൃത്തിയാക്കുന്ന ജോലി

ഗുരുവിന്റെ ഗൃഹം നിത്യവും അടിച്ചുവാരി വൃത്തിയാക്കുന്ന ജോലി ദയാനന്ദനായിരുന്നു. ഒരിക്കൽ അടിച്ചുവാരി വൃത്തിയാക്കിയശേഷം അവയെല്ലാം ഒരിടത്താക്കി അത് കൊണ്ടുപോയികളയുന്നതിനായി ഒരു മുറം അന്വേഷിച്ച് ദയാനന്ദൻ നടക്കുന്നതിനിടെ സ്വാമി വിരജാനന്ദൻ അവിടെ വരുവാനിടയായി. അദ്ദേഹത്തിന്റെ കാലുകൾ അടിച്ചുകൂട്ടിയിട്ടിരുന്ന അഴുക്കിൽ ചവിട്ടി. ക്രുദ്ധനായ ദണ്ഡിജി സ്വാമി ദയാനന്ദനെ ചൂരലുകൊണ്ട് കഠിനമായി ശിക്ഷിച്ചു. കൃശഗാത്രനായ ദണ്ഡിജി ക്ഷീണിച്ചുപരവശനായി. സ്വാമി ദയാനന്ദനാകട്ടെ, തെല്ലും പരിഭവമില്ലാതെ ഗുരുവിന്റെ കാലുകൾ തലോടികൊണ്ട് പറഞ്ഞു. " അല്ലയോ ഗുരോ! തപസ്യയാൽ കല്ലുപോലായിതീർന്നു എന്റെ ശരീരം. അങ്ങയുടെ കൈകൾ നോവുന്നുണ്ടാവും!" ഇന്നത്തെ വിദ്യാർത്ഥികൾ ഇതൊന്നോർക്കുക. ഋഷി ദയാനന്ദനും ഇന്നത്തെ വിദ്യാർത്ഥികളും തമ്മിൽ ആദർശത്തിന്റെ കാര്യത്തിൽ ആകാശ- പാതാള അന്തരമുണ്ട്. പഠിക്കാൻ ഉത്തമനാണ് എന്നു ബോധ്യമായാൽ മാത്രമേ പ്രാചീനകാലത്ത് വിദ്യാഭ്യാസം നല്കിയിരുന്നുള്ളു. തപസ്സിനാൽ നേടിയെടുക്കുന്നതാണ് യഥാർത്ഥ വിദ്യ. സ്വാമി ദയാനന്ദനും ഇന്നത്തെ പണ്ഡിതന്മാരും തമ്മിൽ എത്ര അന്തരമാണ്. വൈദിക സാഹിത്യങ്ങളുടെ മന്ഥനം നടത്തുകയെന്നത് ചില്ലറ കാര്യമല്ല. സ്വാമി ദയാനന്ദൻ തുടർന്നങ്ങോട്ട് ചെയ്തത് അതായിരുന്നു.

*(തുടരും)*

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*





# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 2** **ലക്കം 5**

**വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 കാർത്തിക – മാർഗ്ഗശീർഷ**
**1190 തുലാം – വൃശ്ചികം 2014 നവംബർ**

**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**

| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| സംശയനിവാരിണി | : | 10 |
| ജീവിതം ഒരലയാഴി | : | 12 |
| ഉപദേശ മഞ്ജരി | : | 13 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| വാർത്തകൾ | : | 15 |

**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail.com**
**Visit us : www.thearyasmaj.org/vellinezhi**

## മുഖവാണി

### ത്യാഗത്തിലാണ് യഥാർത്ഥ സുഖം



**മ**നുഷ്യജീവിതത്തിലെ സുഖത്തിന്റെ അടിസ്ഥാനം ത്യാഗമാണ്. അസംതൃപ്തമായ ഇച്ഛകളും കാമനകളും ദുഃഖത്തിന് കാരണമാവുന്നു. വർദ്ധിച്ചുവരുന്ന ആഗ്രഹങ്ങൾ, കൂടുതൽ സമ്പാദിക്കാനുള്ള നെട്ടോട്ടം, ഭൗതികവസ്തുക്കൾ അമിതമായി സംഭരിച്ചുവയ്ക്കുക എന്നിവയെല്ലാം ജീവിതത്തിന് ദുഃഖം മാത്രമാണ് നൽകുന്നത്. ജീവിതത്തിലെ ഏറ്റവും വലിയ ധനം സന്തോഷമാണ്. അതു ലഭിക്കുന്ന വ്യക്തി പൂർണ്ണസംതൃപ്തനാണ്. വേദം ഉദ്ഘോഷിക്കുന്നു. 'തേന ത്യക്തേന ഭുഞ്ജീഥാ' എന്ന്. ത്യാഗപൂർവ്വമായ ഭോഗം ചെയ്യണമെന്ന്.

മനുഷ്യജീവിതത്തിലെയഥാർത്ഥ സുഖം ആ വ്യക്തി എന്തു ത്യാഗം ചെയ്യാൻ തയ്യാറാവുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്. മരണാസന്നനായി കിടക്കുന്ന ഒരു രോഗിക്ക് രക്തദാനം നൽകുന്നതുമൂലമുണ്ടാകുന്ന സന്തോഷവും ആനന്ദവും പറഞ്ഞറിയിക്കാനാവാത്തതാണ്.

*സ ഹി സർവ്വവിത് സർവ്വകർത്താ ഈശ്വരേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

ഒരിക്കൽ ഭക്തിപ്രഭാഷണങ്ങളിൽ സ്ഥിരം സന്നിഹിതനായി ഏറ്റവും പിറകിലുള്ള ഇരിപ്പിടത്തിൽ ഇരുക്കുമായിരുന്ന ധനവാനായ ഒരു വ്യക്തി ദാനത്തിന്റെ മഹത്വം വിവരിക്കുന്ന ഒരു പ്രഭാഷണത്തിനുശേഷം വലിയ ഒരു സംഖ്യ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ദാനം ചെയ്യാൻ തയ്യാറായി. ഇതറിഞ്ഞ സംഘാടകർ അദ്ദേഹത്തെവേദിയിൽ വിളിച്ചുവരുത്തി ആദരിച്ചു. തന്റെ ധനംകാരണമാണ് ഈ ആദരവ് ലഭിച്ചത് എന്ന് മനസ്സിൽ കരുതിയ ആ വ്യക്തിയോട് യോഗാധ്യക്ഷൻ പറഞ്ഞത് ഇപ്രകാരമാണ്. താങ്കളുടെ അളവറ്റ ധനമല്ല അങ്ങയേ ആ ആദരവിന് കാരണമാക്കിയത്. ധനം ത്യാഗം ചെയ്യാനുള്ള ഉദാര മനസ്സാണിവിടെ ആദരിക്കപ്പെട്ടത്.

ത്യാഗത്തിലൂടെ വിശ്വം മുഴുവൻകീഴടക്കിയവരായിരുന്നു നമ്മുടെ പൂർവ്വികർ. ശ്രീരാമൻ, ഭീഷ്മർ, ശ്രീബുദ്ധൻ, അശോകചക്രവർത്തി, മഹർഷി ദയാനന്ദൻ തുടങ്ങിയ മഹാപുരുഷൻമാരെ ഇന്നും ലോകം സ്മരിക്കുന്നത് അവരുടെ ത്യാഗമയജീവിതം മൂലമാണ്.

ഇന്ന് നാം നേരിടുന്ന ദുസ്ഥിതികൾക്കുള്ള പരിഹാരം ത്യാഗപൂർവ്വമായ ജീവിതം നയിക്കലാണ്. ദാരിദ്ര്യം, രോഗം, പ്രകൃതി ദുരന്തങ്ങൾ അനാചാരങ്ങൾ തുടങ്ങിയവയാൽ കഷ്ടപ്പെടുന്നവർക്ക് സാന്ത്വനമേകാൻ തങ്ങളാലാവുന്നത് ചെയ്യണമെന്നാണ് നമ്മുടെ ശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നത്. ആര്യസമാജത്തിന്റെ ആറാമത്തെ നിയമം പറയുന്നതും ഇതാണ്. ലോകത്തിന് ഉപകാരം ചെയ്യലാണ് ഈ സമാജത്തിന്റെ മുഖ്യഉദ്ദ്യേശം. അതായത് മനുഷ്യരുടെ ശാരീരികവും ആത്മീയവും സമാജികവുമായ ഉന്നതിഉണ്ടാക്കുക എന്നർത്ഥം.

'ശതഹസ്തസമാഹാരസഹസ്രഹസ്ത സങ്കിരഃ' (നൂറുകൈകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യുക) എന്ന വേദവാണിയേ സാർത്ഥകമാക്കാൻ നമുക്ക് ഒത്തൊരുമിച്ച് ശ്രമിക്കാം.

**പത്രാധിപർ**

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

### വേദങ്ങൾ

3. ഈ ഋഷിമാർ വേദങ്ങളെ മറ്റുഋഷിമാർക്കും മനുഷ്യർക്കും ഉപദേശിച്ചു. ലോകത്തുള്ള സർവ്വ വിദ്യകളും വേദങ്ങളിൽ നിന്നുത്ഭവിച്ചതാണ്.
4. വേദം സ്വതഃപ്രമാണമാണ്. എന്നാൽ മറ്റുഗ്രന്ഥങ്ങൾ പരതഃപ്രമാണമാണ്. അതായത് ഏതൊന്നാണോ വേദാനുകൂലമായത് അവ ശരിയും വേദവിരുദ്ധമായവ തെറ്റുമാണ് എന്നർത്ഥം.

(തുടരും)

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*

## അഞ്ചാം പ്രഭാഷണം (വേദവിഷയം)




**ഇ**നി ഈ ഭാഷ ഏതെങ്കിലുമൊരു ദേശത്തിന്റെ മാത്രമാവുന്നതെങ്ങിനെ എന്ന് ആരെങ്കിലും ചോദിക്കാനിടയുണ്ട്. സംസ്കൃതഭാഷ ഏതെങ്കിലുമൊരു ദേശത്തിന്റേതല്ല. സർവ്വ ഭാഷകളുടേയുംമൂലം സംസ്കൃതമാണ്. സർവ്വജ്ഞാനങ്ങളുടേയും മൂലമായ വേദവും സംസ്കൃതത്തിലാണ്. ഏതെല്ലാം ദേശങ്ങളിലാണോ സംസ്കൃത ഭാഷ ചെന്നെത്തിയത്. അവിടങ്ങളിലെ പണ്ഡിതന്മാരുടെ മനസ്സിനെ ഇത് ആകർഷിച്ച് മറ്റു ഭാഷകളുടെ മാതൃസ്ഥാനയോഗ്യത നേടിയെടുത്തു.

വേദങ്ങളിൽ വിവരിക്കുന്ന പല മുഖ്യ വസ്തുതകളും ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ കാണപ്പെടുന്നു. യഹൂദികൾ വേദികൾ നിർമ്മിച്ച് യജ്ഞം ചെയ്യുന്നു. ഈ അറിവ് അവർക്ക് എവിടെ നിന്നു കിട്ടി? ഹോതാവ്, ഉദ്ഗാതാവ്, ബ്രഹ്മാ എന്നീ വ്യവസ്ഥകളോടുകൂടി ഇവർ യജ്ഞം ചെയ്യുന്നില്ലായിരിക്കാം. എങ്കിലും ഇവയിൽ വലിയ അന്തരമില്ല. ആര്യന്മാരുടെ രീതിയെകുറിച്ച് അവർക്ക് മറവി സംഭവിച്ചിരിക്കാം. ഇത്തരത്തിൽ പാഴ്സികൾ അഗ്ന്യാരാധനയും നടത്തുന്നുണ്ട്. ഈ ആചാരങ്ങളെല്ലാം വേദങ്ങളിൽ നിന്നു വന്നതല്ലേ? വേദങ്ങളിൽ പക്ഷപാതം കാണാനില്ല. അത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. യഹൂദർ മറ്റുള്ളവരെ ദ്വേഷഭാവേന കാണുന്നു. മുസൽമാൻമാർ അന്യരേ 'കാഫിർ' ആയി കണക്കാക്കുന്നു. അവരുടെ മതഗ്രന്ഥങ്ങളാണ് ഇത്തരം പ്രവൃത്തികൾ ചെയ്യാൻ അവർക്ക് പ്രേരണ നല്കുന്നത്. എന്നാൽ വേദങ്ങളിൽ ഇത്തരം പക്ഷപാതപരമായ ചിന്തകൾ ഒന്നുമില്ല. അതിനാലാണ് വേദം ഈശ്വരീയകൃതമാണെന്നു സിദ്ധിക്കുന്നത്.

2. **രണ്ടാമത്തെ പ്രമാണം:** വേദങ്ങൾ വളരെ സുലഭവും ലളിതവുമാണ്. മധ്യകാലഘട്ടത്തിൽ ഏതാനും കഠിനശബ്ദങ്ങളും പദങ്ങളുമായി വേദങ്ങൾക്ക് ചിലർ ഭാഷ്യങ്ങളും. പരിഷ്കാരങ്ങളും എഴുതി. ആ ഭാഷ്യങ്ങളിൽ കേവലം ശബ്ദങ്ങളുടെ കാഠിന്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിശേഷ ഗംഭീരാർത്ഥങ്ങൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. ഇത്തരത്തിലുള്ള ഗ്രന്ഥങ്ങളൊന്നും വേദമല്ല.

*(തുടരും)*

*ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും*

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം 3*



**ക**ത്തിനാട് അങ്ങാടിയിൽ എത്തുന്നതിനുമുമ്പ് ഏകദേശം രണ്ടു ഫർലോങ്ങിനപ്പുറത്താണ് പുറനാട്ടുകരക്കുപോകുന്ന റോഡ്. മലബാറിലെ ഏറ്റവും വലിയ ജന്മിയായ പൊൽപ്പള്ളി മനക്കാർ സ്വന്തം ആവശ്യത്തിന് വെട്ടിയതാണ് ആ വെട്ടുവഴി.

"ഇവിടെ നിർത്തണം ആളിറങ്ങാനുണ്ട്. ഒന്നു നിർത്തണേയ്" പാച്ചൻ വിളിച്ചുകൂവി. ഡ്രൈവറുടെ സീറ്റിനടുത്തുനിൽക്കുന്ന കണ്ടക്ടർ പിൻവാതിൽക്കൽ ചവിട്ടുപടിമേൽ നിന്ന് കണക്കെഴുതുന്നവന്റെ നേരെ ഒന്നുനോക്കി. അയാൾ കണ്ടഭാവം നടിച്ചില്ല. അപ്പോഴേക്കും വണ്ടി അങ്ങാടിയിലെത്തിനിന്നു. പാച്ചൻ തിക്കിതിരക്കി ഒരുവിധം പുറത്തേക്കു ചാടാൻ നോക്കുകയാണ്.

"ഇതെന്ത്ര്ത്താ? പെണ്ണുങ്ങളെ തിരക്കണ്? വല്ലാത്തൊരുസാധനം. നാണോല്ല്യാ മാനോല്ല്യാത്ത ജാതികള്" ചെറുപ്പക്കാരിയായ ഒരുപെണ്ണ് സ്വന്തം പാതിവ്രത്യനിഷ്ഠാപ്രകടനം നടത്തി.

"ഊം, ന്താ ചെറുക്കാ ദ് ? പെണ്ണുങ്ങളാണെന്ന്നക്ക് കണ്ണു കണ്ടുകൂടെ? അനക്കെന്താ അങ്ങേപ്രെ പോയ്ക്കൂടെ? ഇദ്യേന്നേ വേണോ? ആണുങ്ങളെ ചൊവ്വിന് കണ്ട്ട്ടില്ല്യാ. അതാണോ" തള്ള ഉമ്മ താക്കീതെന്നോണം വിരൽചൂണ്ടി വിറപ്പിച്ചു.

"ആ. വേഗാട്ടെ, ഇറങ്ങ്," കണ്ടക്ടർ പെരക്കിത്തെളിച്ചു.

"ഇവന്മാരുടെ ഒക്കെ പടിക്കല് ബസ്സ് നിർത്തണത്രെ. എന്താപ്പത്. സിറ്റി സർവ്വീസെസ്സ്യോ? അത്രക്കുണ്ടെങ്കിൽ കാറൊന്ന് വാങ്ങിക്കോട്ടെ. ഇതില് കെട്ടിതൂങ്ങാൻ വരണോ പിന്നെ?" ക്ലീനർ അവഹേളിച്ചുകൊണ്ട് പാച്ചനെ ഉന്തിയിറക്കി.

"കുറച്ചു നടക്കേണ്ടിവന്നു. പെണ്ണുങ്ങളുടെ ശകാരം കേട്ടു. പോരാ, അപമാനം കൊണ്ടിത് വിലക്ക് വാങ്ങുകയും ചെയ്തു ഉം. പോട്ടെ. ജീവൻ കിട്ടിലോ. ഭാഗ്യം" പാച്ചന് ആശ്വാസമായി. എതിർക്കാനുള്ള അവസരമല്ല ഇപ്പോഴെന്നതുകൊണ്ട് അയാൾ രോഷം ചവച്ചിറക്കി പുറനാട്ടുകരക്കു നടന്നു.


*(തുടരും)*

**ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)**
**ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ**





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

**(വൈദികധർമ്മ പ്രശ്നോത്തരി)**

***- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി***

***തർജ്ജമ: കെ.എം. രാജൻ***

## പാഠം- 10 ഋഷി ദയാനന്ദൻ-ആര്യസമാജസ്ഥാപകൻ

***ചോദ്യം: ധർമ്മപ്രചാരണത്തിനിടയ്ക്ക് ഋഷി ദയാനന്ദന് നേരിടേണ്ടിവന്ന കഷ്ടതകൾ എന്തെല്ലാമായിരുന്നു?***

***ഉത്തരം:*** ധർമ്മപ്രചാരണം നടത്തുന്നതിനിടെ ഋഷി ദയാനന്ദന് നിരവധിവെല്ലുവിളികളെ നേരിടേണ്ടിവന്നു. സ്വാർത്ഥികളും ധൂർത്തരുമായവർ അദ്ദേഹത്തിന് പലപ്രാവശ്യം വിഷം നൽകി. അദ്ദേഹത്തിനുമേൽ കല്ല്, ചെളി, ചാണകം എന്നിവ നിരന്തരം എറിഞ്ഞ് അദ്ദേഹത്തെ അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തു. തികഞ്ഞ ശാന്തഭാവത്തോടെ ഇവയേ നേരിട്ട ഋഷി ദയാനന്ദൻ തന്റെ എതിരാളികൾക്ക് എന്തെങ്കിലും ഹാനിയുണ്ടാക്കണമെന്ന് മനസ്സിൽപോലും കരുതിയില്ല.

***ചോദ്യം: ധാർമ്മികവും സാമൂഹ്യവുമായ നവോത്ഥാനപ്രവർത്തനങ്ങൾക്കുപുറമേ രാഷ്ട്രീയ നവോത്ഥാനമേഖലയിൽ ഋഷി ദയാനന്ദൻ എന്തെങ്കിലും പ്രവർത്തനം നടത്തിയോ?***

***ഉത്തരം:*** വേദാദി സത്യശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള രാജധർമ്മം, പ്രജാധർമ്മം എന്നിവയുടെ ആധാരത്തിൽ പ്രചാരണം നടത്തി. സ്വരാജ്യത്തിന്റെ മഹത്വം സ്പഷ്ടമായ സ്വരത്തിൽ ജനങ്ങൾക്കുമുന്നിൽ വെച്ചു. "ആരെന്തെല്ലാം ചെയ്താലും സ്വദേശി രാജാവാണ് സർവ്വോപരി ഉത്തമമായിട്ടുള്ളത്. അതായത് മത-മതാന്തര ആഗ്രഹമില്ലാത്തവരും തനിക്കും മറ്റുള്ളവർക്കും പക്ഷപാതശൂന്യരായി പെരുമാറുന്നവരും പ്രജകൾക്കുമേൽ പിതാവ്, മാതാവ് എന്നിവർക്ക് തുല്യമായി കൃപ, ന്യായം, ദയ എന്നിവയോടുകൂടിയതുമായ വ്യവഹാരം നടത്തുന്നതുമായ വിദേശഭരണം പോലും പൂർണ്ണസുഖദായകമല്ല" (സത്യാർത്ഥപ്രകാശം 8-ാം സമുല്ലാസം). ഇത്തരത്തിൽ സ്വദേശി വസ്ത്രധാരണത്തേകുറിച്ചും അദ്ദേഹം സത്യാർത്ഥപ്രകാശം 11-ാം സമുല്ലാസത്തിൽ ശക്തമായെഴുതി. ദേശീയരായ രാജാക്കന്മാരേയും ഭരണാധികാരികളേയും ബോധവൽക്കരിക്കാനായി അദ്ദേഹത്തിന്റെ മരണത്തിന് തൊട്ടുമുമ്പുള്ളവർഷങ്ങളിൽ പ്രത്യേക ശ്രമങ്ങൾ നടത്തി. സ്വാവലംബൻ എന്ന ഭാവം ജനങ്ങളിലുണ്ടാക്കാൻ അദ്ദേഹം പ്രത്യേകം ഊന്നൽ നൽകി. പറ്റുമെങ്കിൽ കോടതികൾക്കുപുറത്തുവെച്ചു

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

തന്നെ പരസ്പരചർച്ചകളിലൂടെ കേസുകളിൽ യോജിപ്പുണ്ടാക്കണമെന്നും അദ്ദേഹം ഉപനിയമങ്ങളിലൂടെ ആര്യന്മാരെ ഉപദേശിച്ചു.

***ചോദ്യം: ഋഷി ദയാനന്ദന്റെ മരണം എപ്പോൾ എങ്ങിനെ സംഭവിച്ചു?***

***ഉത്തരം:*** 1883 ഒക്ടോബർ 30 ന് ദീപാവലി ദിനത്തിൽ അജ്മേരിൽ വച്ചാണ് ഋഷി ദയാനന്ദൻ നിർവ്വാണമടഞ്ഞത്. മരണകാരണം ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു. ജോധ്പൂരി ലെരാജാവ് നഹ്നിജാൻ എന്ന വേശ്യയുമായി അടുപ്പത്തിലായിരുന്നു. ജോധ്പൂരിൽ രാജാവിന്റെ അതിഥിയായി താമസിക്കുന്ന അവസരത്തിൽ ദയാനന്ദൻ ഇത് നേരിട്ട് കാണാനിടയായി. അതിനെതിരെ അദ്ദേഹം പ്രതികരിക്കുകയും ചെയ്തു. ഇതിന് തിരിച്ചടിക്കാനായി നഹ്നിജാൻ പദ്ധതി തയ്യാറാക്കി. മഹർഷിയുടെ പാചകക്കാരനെ (അയാളുടെ പേര് ജഗന്നാഥനെന്നാണ് പറയപ്പെടുന്നത്) സ്വാധീനിച്ച് പ്രലോഭനങ്ങൾ വാഗ്ദാനം ചെയ്ത് അദ്ദേഹത്തിന് വിഷം നൽകി. ശരീരം മുഴുവൻ വ്രണങ്ങളും കുരുക്കളുമായി മഹർഷി ദയാനന്ദൻ നിർവ്വാണമടയുകയാണുണ്ടായത്. മരണസമയമടുത്തപ്പോൾ ഋഷി ദയാനന്ദൻ ശാന്തചിത്തനായി വേദമന്ത്രങ്ങളാൽ ഈശ്വരന്റെ ഭജനയും പ്രാർത്ഥനയും നടത്തി. "ഹേ ഈശ്വര! അങ്ങയുടെ ആഗ്രഹം പൂർണ്ണമാകട്ടെ. പൂർണ്ണമാവട്ടെ!" അങ്ങയുടെ ലീലകൾ വളരെ നന്നായിരുന്നു! എന്നീ ശബ്ദങ്ങളുടെ ഉച്ചാരണം പ്രസന്നതാപൂർവ്വം ചൊല്ലിയിട്ട് അദ്ദേഹം പ്രാണൻ വെടിഞ്ഞു. ഈ ദൃശ്യം കണ്ട പണ്ഡിറ്റ് ഗുരുദത്ത് എന്ന നാസ്തികൻപോലും ആസ്തികനായി മാറി. തന്റെ മരണത്തിനുത്തരവാദിയായ പാചകക്കാരനേ രക്ഷപ്പെടുത്താനുള്ള ദയാലുതയും അദ്ദേഹം പ്രകടിപ്പിച്ചു. അത്തരത്തിലുള്ള ആദർശധീരനായ യോഗിവര്യനായ ഋഷി ദയാനന്ദന്റെ വിസ്തൃതമായ ജീവിതചരിത്രം എല്ലാ ബാലികാബാലന്മാരും നര-നാരിമാരും സശ്രദ്ധം പഠിച്ച് അദ്ദേഹത്തിന്റെ കാൽപ്പാത പിന്തുടരാനുള്ള യത്നം നടത്തണം.

*(തുടരും)*

## തിരുവനന്തപുരം പുസ്തകമേള

**തിരുവനന്തപുരം:** 2014 ഒക്ടോബർ 4 മുതൽ 12 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നടന്ന പുസ്തകമേളയിൽ ഡൽഹി ആര്യപ്രതിനിധിസഭ വൈദികസാഹിത്യങ്ങളുടെ ഒരു ശേഖരം തന്നെ ഒരുക്കിയിരുന്നു. ഇംഗ്ലീഷ്, ഹിന്ദി ഭാഷയിലുള്ള പുസ്തകങ്ങൾക്ക് പുറമെ മലയാളം തമിഴ് വൈദികസാഹിത്യങ്ങളും വില്പനയ്ക്ക് വച്ചിരുന്നു.

***മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ***
***(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്***
***ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം***





ദുഃഖ ജന്മ പ്രവൃത്തി ദോഷ മിഥ്യാജ്ഞാനമ് |
ഉത്തരോത്തരാപായേ തദനന്തരാപായാദപവർഗ്ഗഃ || (1.1.2)

അതായത് ദുഃഖത്തിന്റെ മൂലകാരണങ്ങളെ അന്വേഷിച്ചാൽ മാത്രമേ ദുഃഖനിവൃത്തി കൈവരിക്കുകയുള്ളു. എല്ലാ ദുഃഖങ്ങളുടെയും കാരണം അജ്ഞാനമാണ്. തത്ത്വജ്ഞാനത്തിലൂടെ മിഥ്യാജ്ഞാനങ്ങളുടെ നാശവും അതുവഴി രാഗദ്വേഷങ്ങളിൽ നിന്നുള്ള വിമുക്തിയും അതിനുശേഷം ജനനമരണങ്ങളിൽ നിന്നുള്ള മുക്തിയും നേടി മോക്ഷത്തെ പ്രാപിക്കാൻ സാധിക്കുന്ന ദുഃഖങ്ങളിൽ നിന്നുള്ള ശാശ്വതമോചനത്തിനുള്ള മാർഗ്ഗം ജന്മം തന്നെ ഇല്ലാതിരിക്കുക എന്നതാണ്. ജനനമില്ലെങ്കിൽ മരണവുമില്ല. മൃത്യുവിന്റെ മൃത്യു സംഭവിക്കുന്നു. അതുവഴി എല്ലാവിധ ദുഃഖങ്ങളിൽ നിന്നും ശാശ്വതമോചനം ലഭിക്കുന്നു.

*(തുടരും)*

## പശൂൻ പാഹി (യജുർവ്വേദം 1-1) പശുക്കളെ സംരക്ഷിക്കൂ!

സാധുജീവികളെ ദേവപ്രീതിയ്ക്കായി ബലി നൽകുന്നത് ഈശ്വരീയ നിയമങ്ങൾക്കും വേദാദി ശാസ്ത്രങ്ങൾക്കും വിരുദ്ധമാണ്. സ്വാർത്ഥികളും മാംസഭോജികളുമായ അജ്ഞാനികൾ തുടങ്ങിവെച്ച തെറ്റായ ആചാരപദ്ധതിയാണിത്.

### അല്ലയോ മനുഷ്യരെ! സ്വല്പം ചിന്തിക്കൂ!

- മൽസ്യം ജലാശയത്തിലെ അഴുക്കുകളെ ഭക്ഷിച്ച് വെള്ളത്തെ ശുദ്ധമാക്കുന്നു.
- കോഴികൾ പാതയോരത്തെ വൃത്തികേടുകൾ ഭക്ഷിച്ച് പരിസരം ശുദ്ധീകരിക്കുന്നു.
- പന്നികൾ വിസർജ്ജ്യങ്ങളും മറ്റും ഭക്ഷിച്ച് ഭൂമിയെ മലിനമുക്തമാക്കുന്നു.

എന്നാൽ ഇന്നത്തെ മനുഷ്യർ അഴുക്കുകൾ ഭക്ഷിക്കുന്ന ഈ സാധുജീവികളെ കൊന്ന് എവിടമാണ് ശുദ്ധീകരിക്കുന്നത്?

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം,**
**വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

***വയം രാഷ്ട്രേ ജാഗ്യയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗ്യതരാക്കാം.***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



***ചോദ്യം 22: മുക്താവസ്ഥയിൽ സുഖദുഃഖങ്ങൾ ആത്മാവിനോടുകൂടി തന്നെയുണ്ടാകുമോ? ആത്മാവ് നിത്യനാണെങ്കിൽ അതിന്റെ ഗുണങ്ങളും നിത്യമായി കൂടെതന്നെയുണ്ടാവില്ലേ? ദയവായി ഈ രഹസ്യത്തേ ഒന്നു സ്പഷ്ടമാക്കിതന്നാലും.***

***ഉത്തരം:*** സത്യാർത്ഥപ്രകാശത്തിൽ ഋഷി ദയാനന്ദൻ 'തദത്യന്തവിമോക്ഷോപവർഗ്ഗഃ' എന്ന സൂത്രത്തിനെ വിശദീകരിച്ചിരിക്കുന്നത് ശ്രദ്ധയോടെ മനസ്സിലാക്കണം. എപ്പോഴാണോ ദുഃഖത്തിൽ നിന്നും ആത്യന്തികമായി വിച്ഛേദിക്കപ്പെടുന്നത് അതിനെയാണ് മുക്തി എന്നു പറയുന്നത്. ഋഷി ഇതിനുള്ള ഉത്തരം ഇപ്രകാരം പറഞ്ഞിരിക്കുന്നു. അത്യന്തശബ്ദത്തിന് പൂർണ്ണമായ അഭാവം എന്നർത്ഥമെടുക്കേണ്ടാവശ്യമില്ല. 'അത്യന്ത ദുഃഖമത്യന്തം സുഖം ചാസ്യ വർത്തതെ' മനുഷ്യന് ധാരാളം സുഖവും ധാരാളം ദുഃഖവുമുണ്ട്. സ്വാമി ദയാനന്ദ സരസ്വതിയുടെ വാക്കുകളെ ഗഹനമായി മനസ്സിലാക്കാൻ ശ്രമിച്ചാലും. എപ്പോഴാണോ ജീവാത്മാവ് ശരീരത്തിൽ വസിക്കുന്നത് അപ്പോഴൊക്കെ അതിനെ സുഖദുഃഖങ്ങൾ ഗ്രസിച്ചിരിക്കും. എന്നാൽ മുക്താവാസ്ഥയിലാകട്ടെ സുഖദുഃഖങ്ങളൊന്നും അതിനെ സ്പർശിക്കുന്നുപോലുമില്ല. അതായത് മുക്താവസ്ഥയിൽ സുഖദുഃഖങ്ങൾ തിരോഭവിക്കുന്നു. അവ അന്തർമുഖമായിതീരുന്നു. ഇവയിൽ നിന്നെല്ലാം അത്യന്തം വിയോഗം സംഭവിക്കുന്നു.

***ചോദ്യം23: ദുഃഖങ്ങളിൽ നിന്ന് മുക്തിനേടാനുള്ള സർവ്വശ്രേഷ്ഠമായ മാർഗ്ഗം ഏതാണ്?***

***ഉത്തരം:*** ലോകത്തിൽ ദുഃഖരൂപമാകുന്ന സർപ്പദംശനത്തിന് മുഖ്യമായ ഔഷധം ഒന്നേയുള്ളു. എപ്പോഴും എല്ലാകാലത്തിലും എല്ലാസ്ഥലത്തും ഈശ്വരനേ ധ്യാനിക്കുക. എല്ലാ പാപങ്ങളേയും ഹനിക്കുന്നവർ അദ്ദേഹമാണ്. അതാണ് പരമമായ ധർമ്മം. പരമഗതി.

സംസാര-സർപ്പദഷ്ട്രാ നാമേകമേവ സുഭേഷജമ് ।
സർവ്വദാ സർവ്വകാലേഷു സർവ്വത്ര ഹരിചിന്തനമ് ॥

രാജാ ഭർതൃഹരിപറയുന്നു. "കാലോ ന യാതോ വയമേവ യാതാഃ" അതായത് കാലത്തെ നമ്മളല്ല, മറിച്ച് കാലം നമ്മളെയാണ് ജയിച്ചിരിക്കുന്നത്. സമയത്തെ ഫലപ്രദമായി ഉപയോഗിച്ച് എല്ലാം ദുഃഖങ്ങൾക്കും അറുതിവരുത്താം. ന്യായദർശനത്തിലെ സൂക്തം പ്രസിദ്ധമാണ്.

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





# ആര്യോദ്ദേശ്യ രത്നമാല
## മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ: നചികേതസ്

4. **പുണ്യം:** വിദ്യാദിശുഭഗുണങ്ങളുടെ ദാനവും സത്യഭാഷണാദിസത്യാചാരങ്ങൾ അനുഷ്ഠിക്കുന്നതുമായ സ്വരൂപത്തെപുണ്യമെന്നു പറയുന്നു. സത്യഭാഷണം, അഹിംസ തുടങ്ങിയ കർമ്മങ്ങളെയാണ് പുണ്യമെന്നു പറയുന്നത്.

5. **പാപം:** പുണ്യത്തിനുവിപരീതമായതും മിഥ്യാഭാഷണാദികൾ നടത്തുന്നതുമാണ് പാപം.

6. **സത്യഭാഷണം:** ഏതൊന്നാണോ സ്വന്തം ആത്മാവിലുള്ളതും അസംഭവ്യമായ തരത്തിലുള്ള ദോഷങ്ങളില്ലാത്തതും എപ്പോഴും അങ്ങിനെതന്നെ പറയുന്നതും അതാണ് സത്യഭാഷണം.

7. **മിഥ്യാഭാഷണം:** സത്യഭാഷണത്തിനുവിപരീതമായിട്ടുള്ളതിനെ മിഥ്യാഭാഷണമെന്നു പറയുന്നു.

8. **വിശ്വാസം:** ഏതൊന്നിന്റെ മൗലികാർത്ഥവും ഫലവും നിശ്ചയമായും സത്യമായത് ആകുന്നുവോ അതാണ് വിശ്വാസം.

9. **അവിശ്വാസം:** വിശ്വാസത്തിനുവിപരീതമായതും തത്ത്വവും അർത്ഥവുമില്ലാത്തത് അവിശ്വാസം.

10. **പരലോകം:** സത്യവിദ്യകളാൽ പരമേശ്വരപ്രാപ്തിയുണ്ടാവുകയും അങ്ങിനെ ഈ ജന്മത്തിലും പുനർജന്മത്തിലും മോക്ഷത്തിലും പരമസുഖം പ്രാപിക്കുകയും ചെയ്യുന്നതിനേ പരലോകം എന്നു പറയുന്നു.

11. **അപരലോകം:** പരലോകത്തിനു വിരുദ്ധമായതും അതിനാൽ ദുഃഖവിശേഷങ്ങൾ അനുഭവിക്കേണ്ടിവരുന്നതുമായതിനെ അപരലോകമെന്നു പറയുന്നു.

12. **ജന്മം:** ഏതെങ്കിലും വിധത്തിലുള്ള ശരീരധാരണം നടത്തി കർമ്മമനുഷ്ഠിക്കുന്നതിന് ജീവാത്മാവ് സമർത്ഥനാവുന്നതിനെ ജന്മമെന്നു പറയുന്നു.

13. **മരണം:** ഏതൊരു ശരീരത്തെ പ്രാപിച്ച് ജീവാത്മാവ് കർമ്മങ്ങൾ ചെയ്യുന്നുവോ ആ

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***

www.aryavaidyasala.com

Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902 കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

Our Branch Clinics across the country

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





ശരീരവുമായി ജീവാത്മാവിന് എപ്പോഴെങ്കിലുമുണ്ടാകുന്ന വിയോഗമാണ് മരണം.

14. **സ്വർഗ്ഗം:** ജീവാത്മാവിന് വിശേഷസുഖവും സുഖത്തിനുള്ള സാമഗ്രികളും പ്രാപ്തമാവുന്നതിനേ സ്വർഗ്ഗമെന്നു പറയുന്നു.

15. **നരകം:** ഏതൊന്നാണോ വിശേഷദുഃഖവും ദുഃഖസാമഗ്രികളും ജീവാത്മാവിന് പ്രാപ്തമാക്കുന്നത്, അത് നരകം.

(തുടരും)



*(മുൻ ലക്കത്തിന്റെ തുടർച്ച)*

## വേദപ്രകാശം പാഠാവലി

*ജാതവേദൻ*

### പാഠം 1
### ഈശ്വരൻ

9. ദുഃഖങ്ങൾ എത്രപ്രകാരത്തിലുണ്ട്? അവ ഏവ?
   1. ആദ്ധ്യാത്മികം 2. ആധിഭൗതികം 3. ആധിദൈവികം എന്നിങ്ങനെ
10. ആദ്ധ്യാത്മിക ദുഃഖമെന്നു പറയുന്നതെന്താണ്?
   അവിദ്യ, രാഗ-ദ്വേഷം, രോഗം എന്നിവയിൽ നിന്നുമുണ്ടാകുന്ന ദുഃഖത്തേ ആദ്ധ്യാത്മിക ദുഃഖമെന്നു പറയുന്നു.
11. ആധിഭൗതിക ദുഃഖമേതാണ്?
   മനുഷ്യൻ, പശു-പക്ഷി, കീടങ്ങൾ, പാറ്റകൾ, കൊതുക്, പാമ്പ് തുടങ്ങിയവയിൽ നിന്നുണ്ടാകുന്നവയാണ് ആധി ഭൗതിക ദുഃഖങ്ങൾ.
12. ആധി ദൈവിക ദുഃഖങ്ങളേവ?
   അത്യുഷ്ണം, അതിശൈത്യം, അതിവർഷം, അനാവർഷം, വിശപ്പ്, ദാഹം, മനസ്സിന് അശാന്തിയുണ്ടാകുന്നതുമൂലമുണ്ടാകുന്ന ദുഃഖങ്ങൾ തുടങ്ങിയവയെല്ലാം ആധിദൈവിക ദുഃഖങ്ങളാണ്.
13. ഈശ്വരന്റെ 10 നാമങ്ങൾ പറയുക
   വിഷ്ണു, വരുണൻ, പരമാത്മാവ്, പിതാവ്, അനന്തൻ, ശുദ്ധൻ, നിരാകാരൻ, സരസ്വതി, ന്യായകാരി, ഭഗവാൻ.

***(തുടരും)***

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa***
***(Atharva Veda 3.30.3) Let not a brother hate his brother and***
***let not a sister hate her sister***